(ബി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക് മൂലം പൂട്ടുന്ന സാഹചര്യം ഒഴിവാക്കാൻ സ്വകാര്യ വ്യവസായികൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങാൻ അനുവാദം ചോദിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുന്ന വൈദ്യുതി നിരക്ക് കുറച്ച് നൽകാൻ വ്യവസായ വകുപ്പ് കെ. എസ്. ഇ. ബി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കെ. എസ്. ഇ. ബി.-യുടെ മറുപടി എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വസ്തുവകകൾ സൂക്ഷിക്കാനുള്ള സംവിധാനം

23 [1162] ശ്രീ. സി. പി. മുഹമ്മദ്:
„ വർക്കല കഹാർ:
„ കെ. മുഹമ്മദാലി:
„ കെ. എ. ചന്ദ്രൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നു;

(ബി) ഇവയുടെ വസ്തുവകകൾ മോഷ്ടിക്കപ്പെടാതെ സൂക്ഷിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്;

(സി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതിന്റെയെല്ലാം വസ്തുവകകൾ മോഷ്ടിക്കപ്പെട്ടിട്ടുണ്ട്;

(ഡി) ഇതുമൂലം എന്തു തുകയുടെ നഷ്ടമുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർണ്ണമായും അടച്ചുപൂട്ടിയ ആറു പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തനരഹിതമായിക്കിടക്കുന്നു;

(ബി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ സുരക്ഷാ ചുമതലയ്ക്കുള്ള സംവിധാനം കമ്പനി തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) മോഷ്ടിക്കപ്പെട്ടിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം 'സി'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly